(ഡി) നാല് സ്കൂളുകൾക്ക് ഹയർ സെക്കണ്ടറി അനുവദിച്ച് ഉത്തരവായിട്ടുണ്ട്:

(1) എം.ടി.എം.എച്ച്.എസ്., പാനായിക്കുളം

(2) എച്ച്.എസ്., ഇത്തിത്താനം

(3) എച്ച്.എസ്., കാട്ടാക്കട

(4) ജവഹർ എച്ച്.എസ്. ആയൂർ

മറ്റ് സ്കൂളുകളുടെ കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഇ) കോടതി അവക്ഷ്യമാണെന്ന് കരുതുന്നില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗവൺമെന്റ് ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ

120 [5101] ശ്രീ. തോമസ് ഉണ്ണിയാടൻ:
" ജോസഫ് എം. പുതുശ്ശേരി:
" സ്റ്റീഫൻ ജോർജ്:
" മാണി മത്തായി:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് ഹൈസ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) കൂടുതലായി ഈ കോഴ്സുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ: എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) 247 ഗവൺമെന്റ് സ്കൂളുകളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സുകൾ നടത്തുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചാൽ കൂടുതൽ കോഴ്സുകൾ തുടങ്ങണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ തയ്യാറാക്കുന്നതാണ്.

ഹയർസെക്കണ്ടറി സ്കൂൾ തലത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി

121 [5102] ശ്രീ. മാത്തോട്ട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ:

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) ഹയർ സെക്കണ്ടറിയിൽ കായിക അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(നക്ഷത്രചിഹ്നമിടാതെ ചോദ്യം നമ്പർ 5101-ന്റെ ഉത്തരം ഏഡിറ്റിംഗ് പ്രോഗ്രാമിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—സി)) ഇല്ല. അൻപത് രൂപ സ്പെഷ്യൽ അലവൻസ് നൽകി ഹൈസ്ക്കൂളിലെ കായികാദ്ധ്യാപകരുടെ സേവനം ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കുകൂടി ലഭ്യമാക ത്തക്കരീതിയിലുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. വളരെയധികം സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന വിഷയമാണെന്നിരിക്കെ ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ കായികാദ്ധ്യാപകരെ നിയമിക്കുന്നത് സംബന്ധിച്ച് എല്ലാ വശങ്ങളും പരിശോധിച്ചതിനു ശേഷമേ ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

പയന്നൂ ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കുന്നതിന് നടപടി

122 [5103] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മണ്ഡലത്തിലെ കുരുവട്ടൂർ പഞ്ചായത്തിൽ പ്ലസ് ടു സ്കൂളുകൾ നിലവിലില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെയും പരിസര പ്രദേശങ്ങളിലെയും വിദ്യാർത്ഥികൾ പ്ലസ് ടു വിദ്യാഭ്യാസത്തിന് വളരെ ദൂരം പോകേണ്ടിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും പ്രയാസം പരിഹരിക്കാൻ എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുള്ള പയന്നൂ ഗവൺമെന്റ് ഹൈസ്ക്കൂളിൽ പ്ലസ് ടു അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ എന്നു മുതൽ പ്രസ്തുത സ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കണ്ണൂർ ജില്ലയിലെ ചാല ഹയർസെക്കണ്ടറി സ്കൂളിനുവേണ്ടി കെട്ടിടവും സ്ഥലവും അക്വയർ ചെയ്യാൻ നടപടി

123 [5104] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചാല ഹയർ സെക്കണ്ടറി സ്കൂളിനുവേണ്ടിയുള്ള കെട്ടിടവും സ്ഥലവും അക്വയർ ചെയ്യണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ ആണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly